**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5643** **08-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കൊലക്കേസുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കൊലക്കേസുകൾ എത്രയെന്നും അതിൽ ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ എത്ര വീതമെന്നും അറിയിക്കുമോ; | (എ) | 2016 മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കൊലപാതകവുമായി ബന്ധപ്പെട്ട് 2694 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആൾക്കൂട്ട കൊലപാതകങ്ങൾക്ക് 4 കേസുകളും, രാഷ്ട്രീയ കൊലപാതകങ്ങൾക്ക് 40 കേസുകളും, വർഗ്ഗീയ കൊലപാതകങ്ങൾക്ക് 3 കേസുകളും, ദുരഭിമാന കൊലപാതകങ്ങൾക്ക് 3 കേസുകളും ഉൾപ്പെടുന്നു. |
| (ബി) | മേൽപ്പറഞ്ഞവയിലെ എത്ര കേസുകളിൽ ഇതുവരെ ശിക്ഷ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2016 മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 2694 കേസുകളിൽ വിചാരണ പൂർത്തിയായവയിൽ 262 കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കണക്കുകൾ പ്രകാരം ആകെ കൊലപാതകങ്ങളുടെ എത്ര ശതമാനമാണ് ആൾക്കൂട്ട കൊലപാതകങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളുമെന്ന് വ്യക്തമാക്കുമോ? | (സി) | 2016 മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 2694 കേസുകളിൽ 0.15% ആൾക്കൂട്ട കൊലപാതകങ്ങളും, 1.48% രാഷ്ട്രീയ കൊലപാതകങ്ങളുമാണ്. |

സെക്ഷൻ ഓഫീസർ